# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

SCERT Kerala

**(എസ്.സി.ഇ.ആർ.ടി. കേരള)**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869

ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in


2023 ജനുവരി 18

## ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപര്യമുള്ള സ്കൂൾ/ ഡയറ്റ് അധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) കേരളത്തിലെ സ്കൂൾ, ഡയറ്റ് എന്നിവിടങ്ങളിൽ നിന്നും ഗവേഷണ പ്രോജക്ടുകൾ ക്ഷണിക്കുന്നു. പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ വിവിധ തലങ്ങളിലെ സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവേഷണ പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. വിശദമായ പ്രോജക്ട് രൂപരേഖയും ആവശ്യമായ സാമ്പത്തിക സഹായവും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസലുകൾ സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ സമർപ്പിക്കണം. ഒറ്റയ്ക്കോ ഏതാനും പേർക്ക് കൂട്ടായോ പ്രോജക്ട് ഏറ്റെടുക്കാം. അപേക്ഷകർ വ്യക്തിപരമായ വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായവും (പരമാവധി 3 ലക്ഷം രൂപ) അക്കാദമിക പിന്തുണയും എസ്.സി.ഇ.ആർ.ടി. നൽകുന്നതാണ്. ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കിയ അപേക്ഷകൾ ഫെബ്രുവരി 15 ന് മുൻപ് scertresearch@gmail.com എന്ന ഇ-മെയിലിലേക്ക് അയയ്ക്കാവുന്നതാണ്.

അപേക്ഷകർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- തന്നിരിക്കുന്ന മാതൃകയിൽ പ്രൊപ്പോസൽ തയാറാക്കേണ്ടതാണ്.
- പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതനാശയ പ്രവർത്തനങ്ങൾക്കുള്ള ഗവേഷണ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടത്.
- പ്രതീക്ഷിത ചെലവ് വിശദമായി രേഖപ്പെടുത്തണം.
- ലഭിക്കുന്ന തുകയുടെ 25% ത്തിൽ കുറവ് തുക ഉപയോഗിച്ച് മാത്രമേ വാങ്ങാൻ പാടുള്ളൂ.
- എസ്.സി.ഇ.ആർ.ടി. പിന്തുടരുന്ന ബോധനശാസ്ത്ര തത്ത്വങ്ങൾക്ക് നിരക്കുന്നതും വിദ്യാഭ്യാസ അവകാശ നിയമത്തോട് പൊരുത്തപ്പെടുന്നതുമായ പദ്ധതികൾക്കാണ് പിന്തുണ നൽകുന്നത്.
- പഠനഫലമായി വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടത്തെ സംബന്ധിച്ച സൂചന ഉണ്ടാവണം.

# റിസർച്ച് പ്രൊപ്പോസലിന്റെ രൂപരേഖ

**പഠനത്തിന്റെ തലക്കെട്ട്**

1. **ആമുഖം**
   ആവശ്യകതയും പ്രാധാന്യവും

2. **ഉദ്ദേശ്യങ്ങൾ**

3. **രീതിശാസ്ത്രം**

   പഠനരീതി

   സാമ്പിൾ

   ഉപാധികളും ഉപകരണങ്ങളും

   പഠനക്രമം

4. **സമയക്രമം**

5. **സാമ്പത്തികം**

   പ്രധാന ഗവേഷകന്റെ ഒപ്പ് :

   സഹഗവേഷകന്റെ ഒപ്പ് :

   സ്ഥാപകമേധാവിയുടെ അംഗീകാരം :

സ്ഥലം :

തീയതി :